

# കൂട് മത്സ്യകൃഷി

## (പതിവായി ചോദിക്കുന്ന ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും)


भाकृ अनुप
ICAR

सी एम एफ आर आइ
CMFRI

**ഐ.സി.എ.ആർ – കൃഷി വിജ്ഞാന കേന്ദ്രം (എറണാകുളം)**

**ഐ.സി.എ.ആർ – കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം**

*(കാർഷിക ഗവേഷണ – വിദ്യാഭ്യാസ വകുപ്പ്, കൃഷി-കർഷക ക്ഷേമ മന്ത്രാലയം, ഭാരത സർക്കാർ)*

ആറാട്ടുവഴി ബീച്ച്, ഞാറക്കൽ പോസ്റ്റ്, എറണാകുളം, കേരളം – 682 505

ഫോൺ : 0484 2492450 ഇ-മെയിൽ : kvkernakulam@yahoo.co.in വെബ്സൈറ്റ് : www.kvkernakulam.org.in

# കൂട് മത്സ്യകൃഷി

## (പതിവായി ചോദിക്കുന്ന ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും)

November 2016

# കൂടുമത്സ്യ കൃഷി

**(പതിവായി ചോദിക്കുന്ന ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും)**

ISBN- 978-93-82263-13-5

പ്രസാധകൻ : **ഡോ. എ. ഗോപാലകൃഷ്ണൻ**
ഡയറക്ടർ
കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം
ദേശീയ കാർഷിക ഗവേഷണ കൗൺസിൽ
പി.ബി. നമ്പർ : 1603
എറണാകുളം നോർത്ത് പി.ഒ.
കൊച്ചി- 682 018, കേരളം, ഇന്ത്യ
വെബ്സൈറ്റ് : www.cmfri.org.in
ഇമെയിൽ : director@cmfri.org.in
ഫോൺ : +91 0484 2394867
ഫാക്സ് : +91 0484 2394909

ഉദ്ധാരണ രീതി :
**ഡോ. വികാസ് പി. എ., ഡോ. ഷിനോജ് സുബ്രമണ്യൻ, ഹിമ വിജയൻ ഐ. പി., വർഷ ടി. വി.,** 2016, കൂടുമത്സ്യ കൃഷി (പതിവായി ചോദിക്കുന്ന ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും) കൃഷിവിജ്ഞാന കേന്ദ്രം, എറണാകുളം, 34 പേജ്.

© 2016 കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം, കൊച്ചി.

ഈ പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന ഉള്ളടക്കമോ, ചിത്രങ്ങളോ പ്രസാധകന്റെ മുൻകൂർ അനുമതിയോടെ അല്ലാതെ പുനഃരാവിഷ്ക്കരിക്കാൻ പാടില്ല.

മുദ്രണം : പ്രിന്റ്എക്സ് പ്രസ്സ്, കലൂർ, കൊച്ചി.

ISBN 978-93-82263-13-5

9 789382 263135

വില : ₹10/-



## ആമുഖം

കുറഞ്ഞ സ്ഥലത്ത് നിയന്ത്രിത സാഹചര്യങ്ങളിൽ മത്സ്യ ഉല്പാദനം സാധ്യമാക്കി വിപണിക്കനുസൃതമായി വിളവെടുത്ത് വിപണനം ചെയ്യാവുന്ന മത്സ്യകൃഷി രീതിയാണ് കൂടുമത്സ്യകൃഷി. ഈ കൃഷിരീതി കേരളത്തിൽ പ്രചുര പ്രചാരം നേടിക്കൊണ്ടിരിക്കുകയാണ്. ഇതേക്കുറിച്ച് വളരെയേറെ സംശയങ്ങളുമായി കർഷകർ കേന്ദ്രസമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിലും അതിനു കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തിലും സമീപിക്കാറുണ്ട്. പതിവായി ചോദിക്കുന്ന അത്തരം ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും ഉൾപ്പെടുത്തിയുള്ള ഈ കൈപ്പുസ്തകം കൂടുകൃഷി കർഷകർക്ക്, പ്രത്യേകിച്ചും നവാഗതർക്ക് പ്രയോജനകരമായിരിക്കും എന്ന് വിശ്വസിക്കുന്നു. സി.എം.എഫ്.ആർ.ഐ. യിലുള്ള വിപണന കേന്ദ്രത്തിൽ നിന്നും അച്ചടിച്ച കോപ്പികൾ വിലയ്ക്ക് വാങ്ങിയോ കെ.വി.കെ. വെബ്സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്തോ ഉപയോഗിക്കാവുന്നതാണ്. കേരളത്തിൽ ധാരാളമായുള്ള ഉൾനാടൻ ജലാശയങ്ങൾ പ്രയോജനപ്പെടുത്തി ആഭ്യന്തര മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കാനുള്ള സംരംഭങ്ങൾക്ക് ഒരു കൈത്താങ്ങാകും ഈ കൈപ്പുസ്തകം എന്ന പ്രതീക്ഷയോടെ..



**ഡോ. എ. ഗോപാലകൃഷ്ണൻ**
ഡയറക്ടർ–സി.എം.എഫ്.ആർ.ഐ.

## ഉള്ളടക്കം


1. എന്താണ് കൂടുമത്സ്യ കൃഷി ? ........ 9
2. ഏതെല്ലാം സാഹചര്യങ്ങളിലാണ് കൂടുമത്സ്യകൃഷി അനുയോജ്യമാകുന്നത് ?........ 10
3. ഒഴുകുന്ന ജലസ്രോതസ്സുകളിലും ഒഴുകാത്ത ജലാശയങ്ങളിലും നടത്തുന്ന കൂടുമത്സ്യകൃഷികൾ തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ എന്തൊക്കെയാണ് ?..... 10
4. ഏതെല്ലാം തരത്തിലുള്ള കൂടുകൾ ആണ് ലഭ്യമായിട്ടുള്ളത് ?........ 11
5. കൂടുകൾ സ്ഥാപിക്കുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കണം?........ 11
6. ആരെല്ലാമാണ് കൂട് നിർമ്മിച്ച് നൽകുന്നത് ?........ 12
7. കൂടുമത്സ്യകൃഷിയ്ക്ക് എത്ര ചെലവ് വരും?........ 12
8. ഒരു ഏക്കർ കുളത്തിൽ എത്ര കൂടുകൾ വിന്യസിക്കാൻ കഴിയും?........ 18
9. കൂടുമത്സ്യകൃഷിക്ക് യോജിച്ച മത്സ്യങ്ങൾ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് ?........ 18
10. മത്സ്യകുഞ്ഞുങ്ങളെ എവിടെ നിന്നെല്ലാം ലഭിക്കും ?........ 20
11. ഒരു കൂട്ടിൽ എത്ര മത്സ്യങ്ങളെ വരെ വളർത്താം ?........ 21
12. മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങുമ്പോഴും ദൂരസ്ഥലങ്ങളിലേക്ക് കൊണ്ടുപോകുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?........ 21
13. മത്സ്യക്കുഞ്ഞുങ്ങളെ കൂടുകളിൽ നിക്ഷേപിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് ?........ 23
14. ശരിയായ വലുപ്പമുള്ള മത്സ്യക്കുഞ്ഞുങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ എന്തുചെയ്യണം?........ 23
15. മത്സ്യങ്ങൾ നിക്ഷേപിച്ചതിനുശേഷം കൂടുകൾ എങ്ങനെ പരിപാലിക്കണം?....... 24
16. കൂട് മത്സ്യകൃഷിക്ക് ഏതു തരത്തിലുള്ള തീറ്റയാണ് അഭികാമ്യം?........ 25
17. മത്സ്യതീറ്റ എവിടെയെല്ലാമാണ് ലഭ്യമായിട്ടുള്ളത് ?........ 26
18. കൂട് മത്സ്യകൃഷിയ്ക്ക് മത്സ്യത്തീറ്റ സ്വന്തമായി ഉണ്ടാക്കാനാകുമോ?........ 27
19. വീട്ടിൽ ബാക്കി വരുന്ന ഭക്ഷണം കൂട്ടിലെ മത്സ്യങ്ങൾക്ക് കൊടുക്കാമോ?........ 27
20. കൂടിന്റെ വലകൾ മുറിക്കുന്ന ജീവികളുടെ (ഞണ്ട്, ആമ, എലി തുടങ്ങിയവയുടെ) ശല്യം തടയാൻ എന്ത് ചെയ്യണം?........ 28
21. കൂട് മത്സ്യ കൃഷിയിൽ പരാദജീവിയായ അരിപ്പന്റെ ആക്രമണം എങ്ങനെ തടയാം?... 28
22. പൊതു ജലാശയങ്ങളിൽ കൂട് മത്സ്യ കൃഷി നടത്താൻ കഴിയുമോ?........ 29
23. വിളവെടുപ്പ് നടത്തേണ്ടത് എപ്പോഴാണ് ? എന്തെല്ലാം കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത് ?. 29
24. കൂടു മത്സ്യകൃഷിയുടെ സാങ്കേതിക വിവരങ്ങൾ അറിയുന്നതിന് ആരെ ബന്ധപ്പെടണം?........ 30
25. കൂടുമത്സ്യകൃഷിക്ക് സർക്കാർ ധനസഹായം ലഭ്യമാണോ?........ 31

## 1. എന്താണ് കൂടുമത്സ്യ കൃഷി ?

തുറസ്സായ ജലാശയങ്ങളിൽ നിയന്ത്രിത ചുറ്റുപാടിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് പ്രത്യേകം തീറ്റ നൽകി വളർത്തുന്ന രീതിയാണ് കൂടുമത്സ്യകൃഷി. വളർച്ചയ്ക്ക് ആനുപാതികമായി മത്സ്യങ്ങളെ തരംതിരിച്ച് വളർത്താം എന്നുള്ളതും പിടിച്ചെടുക്കാൻ എളുപ്പമാണെന്നുള്ളതും ഈ കൃഷിരീതിയുടെ പ്രത്യേകതകളാണ്.







## 2. ഏതെല്ലാം സാഹചര്യങ്ങളിലാണ് കൂടുമത്സ്യകൃഷി അനുയോജ്യമാകുന്നത് ?

തുറസ്സായ ജലസ്രോതസ്സുകളായ കായലുകൾ, പുഴകൾ എന്നിവയിലും വലിയ പൊക്കാളി പാടങ്ങൾ, ചെമ്മീൻ കെട്ടുകൾ എന്നിവയിലും ആഴം കൂടിയ കുളങ്ങൾ, പാറമടകൾ എന്നിവയിലും കൂടുമത്സ്യകൃഷി നടത്താവുന്നതാണ്. മത്സ്യം പിടിച്ചെടുക്കാൻ ബുദ്ധിമുട്ടുള്ള ആഴമേറിയ പാറമടകൾ പോലുള്ള ജലാശയങ്ങളിൽ കൂടുമത്സ്യകൃഷി അത്യുത്തമമാണ്. ജീവനുള്ള മത്സ്യങ്ങളെ ആവശ്യാനുസരണം പിടിച്ചെടുത്ത് വിൽപ്പന നടത്തേണ്ടി വരുമ്പോൾ കൂടുമത്സ്യകൃഷിയാണ് നല്ലത്. കൂടുമത്സ്യകൃഷി നടത്തുന്ന ജലസ്രോതസ്സുകളിലെ ജലം കുടിക്കുന്നതിനും മറ്റ് വീട്ടാവശ്യങ്ങൾക്കും ഉപയോഗിക്കാൻ കഴിയില്ല. വേനൽക്കാലത്ത് വറ്റിപ്പോകുന്ന ജലാശയങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 3. ഒഴുകുന്ന ജലസ്രോതസ്സുകളിലും ഒഴുകാത്ത ജലാശയങ്ങളിലും നടത്തുന്ന കൂടുമത്സ്യകൃഷികൾ തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ എന്തൊക്കെയാണ് ?

ഒഴുകുന്ന ജലസ്രോതസ്സുകളിൽ സ്ഥാപിക്കുന്ന കൂടുകൾക്ക് 2 പാളികളായി അകം പുറം വലകൾ ഉപയോഗിക്കണം. എന്നാൽ ഒഴുകാത്ത

ജലാശയങ്ങളിൽ ഒരു പാളി വല മാത്രം മതിയാകും. ഒഴുകുന്ന ജലസ്രോതസ്സുകളിൽ കൂടുതൽ സംരക്ഷണം വേണമെന്നതിനാലാണിത്.

## 4. ഏതെല്ലാം തരത്തിലുള്ള കൂടുകളാണ് ലഭ്യമായിട്ടുള്ളത്?

കുളങ്ങൾ, പാറമടകൾ എന്നിവയിൽ ഉപയോഗിക്കാവുന്ന പി.വി.സി പൈപ്പ്, എച്ച്.ഡി.പി.ഇ വല എന്നിവകൊണ്ടുണ്ടാക്കുന്ന ചെറിയ കൂടുകളും, കായലുകൾ, പുഴകൾ തുടങ്ങി ഒഴുകുന്ന ജലാശയങ്ങളിൽ ഉപയോഗിക്കാവുന്ന ഇരുമ്പ് ഫ്രെയിം, പ്ലാസ്റ്റിക്ക് ബാരലുകൾ, നെറ്റുകൾ തുടങ്ങിയവ ഉപയോഗിച്ച് നിർമ്മിക്കുന്ന കൂടുകളും, സമുദ്രത്തിൽ ഉപയോഗിക്കാവുന്ന വലിയ കൂടുകളുമാണ് നിലവിൽ പ്രചാരത്തിലുള്ളത്.






## 5. കൂടുകൾ സ്ഥാപിക്കുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കണം?

തിരഞ്ഞെടുക്കുന്ന സ്ഥലത്ത് കൃഷിയുടെ മുഴുവൻ സമയത്തും കൃഷിക്കാവശ്യമായ തോതിൽ (2 മീറ്ററിൽ കുറയാതെ) വെള്ളം ലഭ്യമായിരിക്കണം. വെള്ളം കയറ്റിയിറക്കുന്ന ജലാശയങ്ങളിൽ വേലിയിറക്ക സമയത്തുള്ള വെള്ളത്തിന്റെ ആഴമാണ് കണക്കാക്കേണ്ടത്. കൂടുകൾ കരയിൽ നിന്നും ചുരുങ്ങിയത് 2 മീറ്റർ മാറി വേണം സ്ഥാപിക്കാൻ. ഒരു കൂട്ടിൽ നിന്നും ഒരു മീറ്റർ അകലെ വേണം അടുത്ത കൂട് സ്ഥാപിക്കാൻ. തൂമ്പിൻ കുഴികളിൽ കൂടുകൾ ഇടുമ്പോൾ തൂമ്പിൽ നിന്നും വെള്ളം ഒഴുകുന്നതിന് തടസ്സമാകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

### 6. ആരെല്ലാമാണ് കൂട് നിർമ്മിച്ച് നൽകുന്നത് ?

കൂട് കൃഷിയ്ക്ക് ആവശ്യമായ വലകൾ എറണാകുളം ഹൈക്കോടതിക്ക് സമീപമുള്ള മത്സ്യ ഫെഡ് നെറ്റ് ഫാക്ടറിയിൽ മുൻകൂട്ടിയുള്ള ഓർഡർ പ്രകാരം തയ്യാറാക്കി നൽകുന്നതാണ്. മറ്റ് സാധനങ്ങൾ കർഷകർ തന്നെ കണ്ടെത്തി വാങ്ങണം. ഇത് പലപ്പോഴും കർഷകർക്ക് ബുദ്ധിമുട്ടാവാറുണ്ട്. എറണാകുളം ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം രൂപം കൊടുത്തിട്ടുള്ള മത്സ്യ കൃഷി കർമസേന കൂടുകൾ തയ്യാറാക്കി നൽകി വരുന്നുണ്ട്. ബന്ധപ്പെടേണ്ട നമ്പർ: 8281757450

### 7. കൂടുമത്സ്യകൃഷിയ്ക്ക് എത്ര ലവ് വരും?

കുളങ്ങളിൽ നിക്ഷേപിക്കാവുന്ന (6 ചതു

രശ്ര മീറ്റർ വ്യാപ്തമുള്ള) ചെറിയ കൂടൊന്നിന് 7,000/-രൂപയും ഒഴുകുന്ന ജലാശയങ്ങളിൽ ഉപയോഗിക്കാവുന്ന (30 ചതുരശ്ര മീറ്റർ വ്യാപ്തമുള്ള) വലിയ കൂടൊന്നിന് 35,000/- രൂപയുമാണ് വിലവരുന്നത്. മത്സ്യങ്ങളുടെ ഇനം അനുസരിച്ച് കുഞ്ഞുങ്ങളുടെ വിലയും തീറ്റയുടെ വിലയും വ്യത്യാസം വരും. ഏകദേശ ധാരണയ്ക്ക് വരവ് ചെലവ് കണക്ക് താഴെ കൊടുക്കുന്നു.

## ചെറു കൂടുകളിലെ മത്സ്യകൃഷി –ഒരു സാമ്പത്തിക അവലോകനം (8 കൂടുകളടങ്ങിയ യൂണിറ്റിന്)

**(ഓര് ജലാശയങ്ങളിലെ തിലാപ്പിയ മത്സ്യകൃഷിയെ അവലംബിച്ച് തയ്യാറാക്കിയത്)**

| | | | |
|---|---|---|---|
| **A. മൂലധന നിക്ഷേപം** | | | |
| മത്സ്യക്കൂട് (2 മീ. x 2 മീ. x 1.5 മീ. പി.വി.സി ചട്ടക്കൂട്) | 8 എണ്ണം | ഒന്നിന് 7,500/- രൂപ | 60,000/- |
| **ആകെ** | | | **60,000/-** |
| **B. പ്രവർത്തന ചെലവ്** | | | |
| തിലാപ്പിയ മത്സ്യ വിത്ത് (വിരൽവലുപ്പം, 8 സെ.മീ.) | 3000 എണ്ണം | ഒന്നിന് 7/- രൂപ | 21,000/- |
| തീറ്റയുടെ വില | 1400 കി.ഗ്രാം. | കി.ഗ്രാമിന് 35/- രൂപ | 49,000/- |
| **ആകെ** | | | **70,000/-** |

| | |
|---|---|
| **C. വരവ് ചെലവ് അവലോകനം** | |
| **C1. വാർഷിക നിശ്ചിത ചെലവ്** | |
| a. മൂലധനത്തിന്റെ മൂല്യത്തകർച്ച (20%) | 12,000/- |
| b. ഇൻഷുറൻസ് (മൂലധനത്തിന്റെ 2%) | 1,200/- |
| c. പലിശ (മൂലധനത്തിന്റെ 12% ) | 7,200/- |
| d. മറ്റ് ചെലവുകൾ (മൂലധനത്തിന്റെ 1%) | 6,00/- |
| **ആകെ വാർഷിക നിശ്ചിത ചെലവ്** | **21,000/-** |
| **C2. വാർഷിക പരിവർത്തന ചെലവ്** | |
| a. വാർഷിക പ്രവർത്തന ചെലവ് (B) | 70,000/- |
| b. വാർഷിക പ്രവർത്തന ചെലവിന്റെ പലിശ (12%) | 8400/- |
| ആകെ വാർഷിക പരിവർത്തന ചെലവ് | 78,400/- |
| ആകെ പ്രവർത്തന ചെലവ് (C1+C2) | 99,400/- |
| **D. വരവ്** | |
| മത്സ്യം വിറ്റതിൽ നിന്നുള്ള വരുമാനം (1200 കി.ഗ്രാം. x Rs 180/-) | 2,16,000/- |
| **ആകെ വരുമാനം** | **2,16,000/-** |
| **സാമ്പത്തിക അവലോകനം** | |
| a. പ്രവർത്തന ചെലവ് | 70,000/- |

| | |
|---|---|
| b.ആകെ ചെലവ് | 99,400/- |
| c.ആകെ വരവ് | 2,16,000/- |
| d.അറ്റാദായം | 1,46,000/- |
| e.മൊത്തലാഭം | 1,16,600/- |
| f.വരവ് ചെലവ് നിരക്ക് | 2.17 |

മേൽ പ്രതിപാദിച്ച വരുമാനം ലഭിക്കുന്നതിനായി പിന്തുടരേണ്ട നിബന്ധനകൾ.

1. കർഷകർ ശാസ്ത്രീയ രീതിയിലുള്ള കൃഷി നടത്തണം.
2. കർഷകർ ഗുണമേന്മയുള്ള വിത്തുകളും തീറ്റയും ഉപയോഗിക്കണം.
3. കർഷകർ ഉയർന്ന വില ലഭിക്കാനുള്ള വിപണന തന്ത്രങ്ങൾ പ്രയോഗിക്കണം.

# വലിയ കൂടുകളിലെ മത്സ്യകൃഷി

## ഒരു സാമ്പത്തിക അവലോകനം
## (4 കൂടുകൾ അടങ്ങിയ യൂണിറ്റ്)

| | | | |
|---|---|---|---|
| **A. മൂലധന നിക്ഷേപം** | | | |
| മത്സ്യകൂട് (4m x 4m x 3m) ഇരുമ്പ് ചട്ടക്കൂട് | 4 എണ്ണം | ഒന്നിന് 40,000/- രൂപ | 1,60,000/- രൂപ |
| **ആകെ** | | | **1,60,000/-** |
| **B. പ്രവർത്തന ചെലവ്** | | | |
| കാളാഞ്ചി (10 cm) | 3000 എണ്ണം | ഒന്നിന് 35/- രൂപ | 1,05,000/- |
| കരിമീൻ (8 cm) | 4000 എണ്ണം | ഒന്നിന് 10/- രൂപ | 40,000/- |
| തിലാപ്പിയ (8 cm) | 5000 എണ്ണം | ഒന്നിന് 7/- രൂപ | 35,000/- |
| തീറ്റയുടെ വില | 4500 കി.ഗ്രാം | കി.ഗ്രാമിന് 50 രൂപ | 2,25,000/- |
| **ആകെ** | | | **4,05,000/-** |
| **C. വരവ് ചെലവ് അവലോകനം** | | | |
| C1. വാർഷിക നിശ്ചിത ചെലവ് | | | |

| | |
|---|---|
| a.മൂലധനത്തിന്റെ മൂല്യതകർച്ച (20%) | 32,000/- |
| b.ഇൻഷുറൻസ് (മൂലധനത്തിന്റെ 2%) | 3,200/- |
| c.പലിശ (മൂലധനത്തിന്റെ 12%) | 19,200/- |
| d.മറ്റ് ചെലവുകൾ (മൂലധനത്തിന്റെ 1%) | 1,600/- |
| **ആകെ വാർഷിക നിശ്ചിത ചെലവ്** | **56,000/-** |
| **C2. വാർഷിക പരിവർത്തന ചെലവ്** | |
| a.വാർഷിക പ്രവർത്തന ചെലവ് | 4,05,000/- |
| b.വാർഷിക പ്രവർത്തന ചെലവിന്റെ പലിശ (12%) | 48,600/- |
| ആകെ വാർഷിക പരിവർത്തന ചെലവ് | 4,53,600/- |
| ആകെ പ്രവർത്തന ചെലവ് (C1 + C2) | 5,09,600/- |
| **D. വരവ്** | |
| കാളാഞ്ചി വിറ്റതിൽ നിന്നുള്ള വരുമാനം (1500 kg x Rs 400/-) | 6,00,000/- |
| കരിമീൻ വിറ്റതിൽ നിന്നുള്ള വരുമാനം (500 kg x Rs 500/-) | 2,50,000/- |
| തിലാപ്പിയ വിറ്റതിൽ നിന്നുള്ള വരുമാനം (1000 kg x Rs 180/-) | 1,80,000/- |
| **ആകെ വരുമാനം** | **10,30,000/-** |

| സാമ്പത്തിക അവലോകനം | |
|---|---|
| a.പ്രവർത്തന ചെലവ് | 4,05,000/- |
| b.ആകെ ചെലവ് | 5,09,600/- |
| c.ആകെ വരവ് | 10,30000/- |
| d.അറ്റാദായം | 6,25,000/- |
| e.മൊത്തലാഭം | 5,20,400/- |
| f.വരവ് ചെലവ് നിരക്ക് | 2.02 |

### 8. ഒരു ഏക്കർ കുളത്തിൽ എത്ര കൂടുകൾ വിന്യസിക്കാൻ കഴിയും?

കുളത്തിന്റെ മൊത്തം വിസ്തീർണത്തിന്റെ 10 ശതമാനം വരെ കൂടുകൾ വിന്യസിക്കാവുന്നതാണ്. 2 മീ. × 2 മീ. × 1.5 മീ. വലുപ്പമുള്ള കൂടുകളാണെങ്കിൽ ഏക്കറൊന്നിന് 50 കൂടുകൾ എന്നതോതിൽ വിന്യസിക്കാം. ഉറവുള്ളതും ജലനിർഗമനം നടക്കുന്നതുമായ കുളങ്ങൾ ആണെങ്കിൽ ആകെ വിസ്തൃതിയുടെ 15 ശതമാനം വരെ ഉപയോഗപ്പെടുത്താവുന്നതാണ്.

### 9. കൂടുമത്സ്യകൃഷിക്ക് യോജിച്ച മത്സ്യങ്ങൾ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് ?

പരസ്പരം ഭക്ഷിക്കുന്ന / ആക്രമിക്കുന്ന വിഭാഗത്തിൽപ്പെട്ടവയെ ഒരു കൂട്ടിൽ കൃഷി

ചെയ്യരുത്. 6 മുതൽ 8 വരെ മാസത്തെ വളർച്ച യ്ക്ക് ശേഷം വിപണനത്തിന് പാകമാകുന്ന വി ഭാഗത്തിലുള്ളവയെ തിരഞ്ഞെടുക്കുന്നതാണ് ഉചിതം. തിരി തീറ്റഭക്ഷണമായി നൽകാവുന്ന മത്സ്യങ്ങളെ തിരഞ്ഞെടുക്കുക. ഉപ്പുജലാശയ ങ്ങളിലാണെങ്കിൽ കരിമീൻ, കാളാഞ്ചി, തിരുത എന്നിവയാണ് കൂടുമത്സ്യകൃഷിക്ക് യോജിച്ചത്. ശുദ്ധജലത്തിലും ഓരുജലത്തിലും ഒരുപോലെ വളർത്താവുന്നവയാണ് കരിമീൻ, തിലാപ്പിയ മത്സ്യങ്ങൾ.



തിരുത



തിലാപ്പിയ



കാളാഞ്ചി



കരിമീൻ

## 10. മത്സ്യകുഞ്ഞുങ്ങളെ എവിടെ നിന്നെല്ലാം ലഭിക്കും?*

| സ്ഥാപനത്തിന്റെ വിലാസം | ലഭ്യമായ മത്സ്യങ്ങൾ | ഫോൺ |
|---|---|---|
| നാഷണൽ ഫിഷ് സീഡ് ഫാം, നെയ്യാർ ഡാം തിരുവനന്തപുരം | കട്‌ല, രോഹു, മൃഗാൽ | 8301002119 |
| എഫ്.എഫ്.ഡി.എ. ഹാച്ചറി, നീണ്ടകര, കൊല്ലം | ചെമ്മീൻ | 0474-2795545 |
| ഫിഷറീസ് കോംപ്ലെക്സ്, പന്നിവേലിച്ചിറ, കോഴഞ്ചേരി, പത്തനംതിട്ട | കട്‌ല, രോഹു, മൃഗാൽ, അലങ്കാര മത്സ്യങ്ങൾ | 0468-2214589 |
| നാഷണൽ ഫിഷ് സീഡ് ഫാം, പോളച്ചിറ, തിരുവല്ല, പത്തനംതിട്ട | കട്‌ല, രോഹു, മൃഗാൽ | 0469-2619543 |
| ഗവ. മോഡൽ ഫിഷ് ഫാം, പള്ളം, കോട്ടയം | കരിമീൻ, കട്‌ല, രോഹു, മൃഗാൽ, അലങ്കാര മത്സ്യങ്ങൾ | 0481-2434039 |
| റീജിയണൽ ഷ്രിംപ് ഹാച്ചറി, അഴീക്കോട്, തൃശൂർ | കരിമീൻ, കൊഞ്ച്, ചെമ്മീൻ, അലങ്കാര മത്സ്യങ്ങൾ | 0480-2819698 |
| പ്രോൺ ഹാച്ചറി, തിരുമുല്ലവാരം, കൊല്ലം | ചെമ്മീൻ | 0474-2793012<br>9526041061 |
| നാഷണൽ ഫിഷ് സീഡ് ഫാം, മലമ്പുഴ, പാലക്കാട് | കട്‌ല, രോഹു, മൃഗാൽ | 0491-2815143 |
| ആർ. ജി. സി. എ. സീബാസ് ഹാച്ചറി, കൂഴിയാർ റോഡ്, തൊടുവായ്, തിരുമുല്ലൈവാസൽ, സിർകാളി, നാഗപട്ടണം, തമിഴ്നാട് - 609113 | കാളാഞ്ചി | 04364-264502<br>9486303406 |
| ആർ. ജി. സി. എ. തിലാപ്പിയ പ്രോജക്ട്, കോനത്തനപ്പാട്, പ്രോഡുത്തൂർ, കങ്കിപാട് മണ്ടൽ, കൃഷ്ണ, ആന്ധ്രാപ്രദേശ്-521151 | ഗിഫ്റ്റ് തിലാപ്പിയ | 086-2821775<br>9866530366 |

***മത്സ്യകുഞ്ഞുങ്ങളുടെ ലഭ്യത സീസൺ അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും.**

## 11. ഒരു കൂട്ടിൽ എത്ര മത്സ്യങ്ങളെ വരെ വളർത്താം ?

വിവിധ ഇനത്തിൽപ്പെട്ട മത്സ്യങ്ങളെ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം കൂടുകളിൽ നിക്ഷേപിക്കാവുന്നതാണ്.

| ഇനം | ഒരു ക്യൂബിക് മീറ്റർ വ്യാപ്തത്തിൽ | | മറ്റ് വിവരങ്ങൾ |
|---|---|---|---|
| | ഒഴുകുന്ന ജലാശയം | ഒഴുകാത്ത ജലാശയം | |
| കരിമീൻ | 75 | 40 | ശുദ്ധജലാശയം/ ഓര് ജലാശയം |
| തിരുത | 50 | 30 | ഓര് ജലാശയം |
| കാളാഞ്ചി | 30 | 20 | ഓര് ജലാശയം |
| തിലാപ്പിയ | 75 | 50 | ശുദ്ധജലാശയം/ ഓര് ജലാശയം |

## 12. മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങുമ്പോഴും ദൂരസ്ഥലങ്ങളിലേക്ക് കൊണ്ടുപോകുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

വിരൽ വലുപ്പമെത്തിയ കുഞ്ഞുങ്ങളെയാണ് കൂടുകളിൽ വളർത്തുന്നതിനായി ഉപയോഗിക്കേണ്ടത്. ഒഴുകാത്ത ജലാശയങ്ങളിൽ വിരൽവലിപ്പത്തിലുള്ള (6–8 സെ.മീ. വരെ) മത്സ്യക്കുഞ്ഞുങ്ങളെ ഒരു ക്യൂബിക് മീറ്ററിൽ ശരാശരി 20 മുതൽ 50 എണ്ണം എന്ന കണക്കിൽ കൂടുകളിൽ നിക്ഷേപിച്ച് വളർത്താവുന്നതാണ്. എന്നാൽ ജലനിർഗമന സൗകര്യമുള്ള ജലാശയമാണെ

ങ്കിൽ ഒരു ക്യൂബിക് മീറ്ററിൽ 30 മുതൽ 75 വരെ കുഞ്ഞുങ്ങളെ വരെ നിക്ഷേപിക്കാവുന്നതാണ്. മത്സ്യങ്ങളുടെ ഇനത്തിന് ആനുപാതികമായി ഇവയെ വളർത്തുന്നതിനായി കൂടുകളിൽ ഇടുന്ന എണ്ണവും വ്യത്യാസപ്പെട്ടിരിക്കും.

മത്സ്യക്കുഞ്ഞുങ്ങളെ പായ്ക്ക് ചെയ്ത് 6 മണിക്കൂറിന് ശേഷമാണ് നിക്ഷേപിക്കുന്നതെങ്കിൽ ഇവയെ കൊണ്ടുപോകുമ്പോൾ കുഞ്ഞുങ്ങളടങ്ങിയ ബാഗ് ഐസിൽവച്ചോ ശീതീകരണ സംവിധാനമുള്ള വാഹനങ്ങളിലോ കുറഞ്ഞ താപനിലയിൽ (20 ഡിഗ്രി താപനിലയിൽ താഴെ) കൊണ്ടുപോകുക.












## 13.മത്സ്യക്കുഞ്ഞുങ്ങളെ കൂടുകളിൽ നിക്ഷേപിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് ?

മത്സ്യക്കുഞ്ഞുങ്ങളടങ്ങിയ ബാഗുകൾ തുറക്കുന്നതിന് മുൻപ് താപനില ക്രമീകരിക്കുന്നതിന് അവയെ കുറഞ്ഞത് അരമണിക്കൂറെങ്കിലും നിക്ഷേപിക്കാനുദ്ദേശിക്കുന്ന ജലാശയത്തിലെ വെള്ളത്തിൽ തന്നെ ഇട്ടുവയ്ക്കുക. തുടർന്ന് ബാഗുകൾ തുറന്ന് കുളത്തിലെ വെള്ളം സാവധാനം (20 മിനിറ്റെങ്കിലും എടുത്ത്) നിറച്ചശേഷം മാത്രം കുഞ്ഞുങ്ങളെ തുറന്ന് വിടുക. ഇങ്ങനെ ചെയ്തില്ലെങ്കിൽ താപനിലയിലുള്ള വ്യത്യാസം കുഞ്ഞുങ്ങൾ ചത്തുപോകാൻ ഇടയാക്കും എന്ന് പ്രത്യേകം ശ്രദ്ധിക്കുക.



## 14.ശരിയായ വലുപ്പമുള്ള മത്സ്യക്കുഞ്ഞുങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ എന്തുചെയ്യണം?

ചെറിയ മത്സ്യക്കുഞ്ഞുങ്ങളെ വിരൽ വലു

പ്പമാകുന്നതുവരെ പ്രത്യേകം തയ്യാറാക്കിയ നെറ്റുകളിലോ നഴ്സറി കുളങ്ങളിലോ വളർത്തി വലുതാക്കിയ ശേഷം മാത്രമേ കൂടുകളിൽ നിക്ഷേപിക്കാവൂ. പ്രോട്ടീനും കൊഴുപ്പും കൂടിയ തിരിവലുപ്പം കുറഞ്ഞ തിരിത്തീറ്റ നൽകിയാണ് ഈ കാലയളവിൽ കുഞ്ഞുങ്ങളെ വളർത്തിയെടുക്കേണ്ടത്. ദിവസവും അഞ്ച് നേരമായി വേണം കുഞ്ഞുങ്ങൾക്ക് തീറ്റ നൽകേണ്ടത്. കണ്ണി വലുപ്പം കുറഞ്ഞ വലകളായിരിക്കും എന്നതിനാൽ നഴ്സറി കൂടുകൾ ഭക്ഷ്യാവശിഷ്ടങ്ങളും മറ്റും അടിഞ്ഞ് അടഞ്ഞുപോകാൻ സാധ്യതയുണ്ട്. അതിനാൽ ആഴ്ചയിലൊരിക്കലെങ്കിലുംവലകൾവൃത്തിയാക്കണം.ചെറുകുളങ്ങളിലാണ് ഇത്തരം നഴ്സറി പരിപാലനം നടത്തുന്നതെങ്കിൽ ഇത്തരം കുളങ്ങൾ വൃത്തിയാക്കി മറ്റ് ജീവികൾ ഇല്ല എന്ന് ഉറപ്പുവരുത്തുകയും മുകളിൽ വലകൊണ്ട് മൂടുകയും ചെയ്യേണ്ടതുണ്ട്.

## 15. മത്സ്യങ്ങൾ നിക്ഷേപിച്ചതിനുശേഷം കൂടുകൾ എങ്ങനെ പരിപാലിക്കണം?

കൂടുകളിലെ വലകളിൽ തീറ്റയുടെ അവശിഷ്ടങ്ങളും പായലും ചെളിയും മറ്റും അടിഞ്ഞുകൂടി വലകളുടെ കണ്ണികൾ അടഞ്ഞു പോകാൻ സാധ്യതയുള്ളതിനാൽ അവ 15 ദിവസത്തിലൊരിക്കൽ ബ്രഷ് ഉപയോഗിച്ച് വൃത്തിയാക്കണം. ഇത് മത്സ്യങ്ങൾക്ക് വേണ്ടത്ര ഓക്സിജൻ ലഭിക്കുന്നതിന് അനിവാര്യമാണ്.



### 16. കൂട് മത്സ്യകൃഷിക്ക് ഏതു തരത്തിലുള്ള തീറ്റയാണ് അഭികാമ്യം?

കൂടുകളുടെ എല്ലാഭാഗവും വലയായിരിക്കും എന്നതിനാൽ മുകളിൽ തീറ്റയിട്ട് അടിഭാഗത്തെത്തുമ്പോഴേക്കും മത്സ്യങ്ങൾ കഴിച്ചില്ലെങ്കിൽ തീറ്റ പുറത്തേയ്ക്ക് നഷ്ടമാകും. അതുകൊണ്ടുതന്നെ പൊന്തിക്കിടക്കുന്നതോ, സാവധാനം താഴുന്നതോ ആയ തീറ്റ മാത്രമേ കൂടുമത്സ്യകൃഷിയിൽ ഉപയോഗിക്കാവൂ. കൂടുകളിൽ വളരുന്ന മത്സ്യങ്ങൾക്ക് പ്രകൃത്യായുള്ള തീറ്റ ലഭ്യമല്ലാത്തതിനാൽ പൂർണ്ണമായും കർഷകർ കൊടുക്കുന്ന തീറ്റയെ ആശ്രയിച്ചാണ് അവയുടെ വളർച്ച. അതുകൊണ്ടു തന്നെ പോഷക സമ്പുഷ്ടമായ തീറ്റ ശരിയായ അളവിലും ഇടവേളകളിലും നൽകാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.











## 17. മത്സ്യത്തീറ്റ എവിടെയെല്ലാമാണ് ലഭ്യമായിട്ടുള്ളത് ?

കെ. വി. കെ യുടെ വിപണനകേന്ദ്രത്തിൽ കരിമീൻ തീറ്റ ലഭ്യമാണ്. കൂടുതലും സ്വകാര്യ സ്ഥാപനങ്ങളാണ് മത്സ്യത്തീറ്റ വിതരണം ചെയ്യുന്നത്. വിപണിയിൽ 1.2 മി.മീ., 1.8 മി.മീ., 2.5 മി.മീ., 3 മി.മീ., 4 മി.മീ., എന്നീ വലുപ്പത്തിലുള്ള തീറ്റകൾ ലഭ്യമാണ്. സാധാരണയായി തീറ്റ 25 കി.ഗ്രാം., 35 കി.ഗ്രാം., 40 കി.ഗ്രാം. പാക്കറ്റുകളിലാണ് ലഭിക്കുക. തീറ്റയിലെ മാംസ്യത്തിന്റെ

യും, കൊഴുപ്പിന്റെയും തോത് വർദ്ധിക്കുന്നതിന് ആനുപാതികമായി തീറ്റയുടെ വിലയും വർദ്ധിക്കും.

## 18. കൂട് മത്സ്യകൃഷിയ്ക്ക് മത്സ്യത്തീറ്റ സ്വന്തമായി ഉണ്ടാക്കാനാകുമോ?

കൂടുമത്സ്യകൃഷിക്കാവശ്യമായ തീറ്റ വീടുകളിൽ ഉണ്ടാക്കുവാൻ പ്രായോഗിക വിഷമതകളുണ്ട്. പൊന്തിക്കിടക്കുന്നതോ സാവധാനം താഴ്ന്നുപോകുന്നതോ ആയിട്ടുള്ള തീറ്റ ഉണ്ടാക്കാൻ പ്രത്യേക യന്ത്രസംവിധാനങ്ങൾ ആവശ്യമാണ്. ഇതിന് പുറമെ മേൽസൂചിപ്പിച്ചതുപോലെ കൂട്ടിൽ വളരുന്ന മത്സ്യങ്ങൾക്ക് പോഷക സമ്പുഷ്ടമായ തീറ്റ നൽകുക എന്നത് കൂടു കൃഷിയുടെ വിജയത്തിന് വളരെ പ്രധാനപ്പെട്ട ഒന്നാണ് എന്നതിനാൽ സ്വന്തമായി ഉണ്ടാക്കുന്ന തീറ്റ കൂടുമത്സ്യ കൃഷിക്ക് ഉപയോഗിക്കാതിരിക്കുന്നതാണ് ഉത്തമം.

## 19. വീട്ടിൽ ബാക്കി വരുന്ന ഭക്ഷണം കൂട്ടിലെ മത്സ്യങ്ങൾക്ക് കൊടുക്കാമോ?

മുമ്പ് സൂചിപ്പിച്ച കാരണങ്ങളാൽ കൂടുകളിൽ മത്സ്യം വളർത്തുമ്പോൾ തിരി രൂപത്തിലുള്ള തീറ്റയാണ് നൽകേണ്ടത്. ഭക്ഷണാവശിഷ്ടങ്ങളും മറ്റും തീറ്റയായി നൽകിയാൽ ഇവ വലകളിൽ അടിഞ്ഞുകൂടി മത്സ്യങ്ങൾക്ക് അസുഖവും അപകടകാരികളായ പരാദജീവികൾ വള

രുന്നതിനുള്ള സാഹചര്യവും കൂടി സൃഷ്ടിക്കുന്നതാണ്. അതുകൊണ്ട് ഭക്ഷ്യാവശിഷ്ടങ്ങൾ കൂട്ടിലെ മത്സ്യങ്ങൾക്ക് നൽകുവാൻ പാടില്ല.

## 20. കൂടിന്റെ വലകൾ മുറിക്കുന്ന ജീവികളുടെ (ഞണ്ട്, ആമ, എലി തുടങ്ങിയവയുടെ) ശല്യം തടയാൻ എന്ത് ചെയ്യണം?

കൂടുകളിൽ തീറ്റ അടിഞ്ഞ് കിടക്കാതെ സൂക്ഷിക്കണം. ബാക്കിവരുന്ന തീറ്റയെടുക്കാനാണ് ഇത്തരം ജീവികൾ പ്രധാനമായും വരുന്നത്. കൂടിന്റെ അടിഭാഗം ഒരു കാരണവശാലും ചെളിയിൽ മുട്ടാതെയും സൂക്ഷിക്കേണ്ടതുണ്ട്.



## 21. കൂട് മത്സ്യകൃഷിയിൽ പരാദജീവിയായ അരിപ്പന്റെ (Cirolana Isopod) ആക്രമണം എങ്ങനെ തടയാം?

ഓരു ജലാശയങ്ങളിൽ മാത്രമാണ് അരിപ്പൻ കാണപ്പെടുന്നത്. കൂടുകൾ കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കി കൂടിന്റെ ശുചിത്വം ഉറപ്പുവരുത്തുക യാണ് ഇവയുടെ അക്രമണത്തിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗം. തീറ്റയുടെ അവശിഷ്ടങ്ങൾ, പായൽ എന്നിവ

അടിഞ്ഞുകൂടുന്നത് ഇവ പെറ്റുപെരുകാനും വളരാനുമുള്ള സാഹചര്യമൊരുക്കും എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 22. പൊതു ജലാശയങ്ങളിൽ കൂട് മത്സ്യകൃഷി നടത്താൻ കഴിയുമോ?

പൊതുജലാശയങ്ങളിൽ കൂട് മത്സ്യകൃഷി നടത്തുവാൻ ബന്ധപ്പെട്ട പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ അധികാരികളിൽ നിന്നും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് വാങ്ങണം. ഇത് ലഭിച്ച് കഴിഞ്ഞാൽ മാത്രമാണ് പൊതുജലാശയങ്ങളിൽ കൂട് മത്സ്യകൃഷി നടത്തുവാൻ പാടുള്ളൂ. ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൂട് മത്സ്യകൃഷി നടത്തുവാൻ ഏറ്റവും അനുയോജ്യമായ ഇടം പൊതുജലാശയങ്ങളാണ്.

## 23. വിളവെടുപ്പ് നടത്തേണ്ടത് എപ്പോഴാണ് ? എന്തെല്ലാം കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത് ?

കൂടുമത്സ്യകൃഷിയിൽ മത്സ്യങ്ങളുടെ വളർച്ചാനിരക്ക് കുളങ്ങളിൽ തുറന്ന് വിട്ട് കൃഷി ചെയ്യുന്ന രീതിയെ അപേക്ഷിച്ച് കുറവായിരിക്കും. കൂടുകൃഷിയിൽ മത്സ്യങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ സൂചിപ്പിച്ച കാലയളവോ വലുപ്പമോ ആയാൽ വിളവെടുക്കാവുന്നതാണ്. വിളവെടുപ്പിന് ഒരു ദിവസം മുൻപ് തീറ്റ നൽകുന്നത് നിർത്തണം. മത്സ്യങ്ങളുടെ വയറ്റിൽ തീറ്റ ഉണ്ടായാൽ സൂക്ഷ്മജീവികളുടെ പ്രവർ

ത്തനഫലമായി സൂക്ഷിപ്പുകാലയളവിൽ മത്സ്യം കേടുവരാനുള്ള സാധ്യത കൂടുതലാണ് എന്നതിനാലാണിത്. കൂടുമത്സ്യ കൃഷിയായതുകൊണ്ട് ആവശ്യമനുസരിച്ച് ജീവനുള്ള മത്സ്യങ്ങളെ വിപണനം നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി അധികവില ഉറപ്പുവരുത്താവുന്നതാണ്. നേരിട്ട് ആവശ്യക്കാർക്ക് നൽകാൻ കഴിഞ്ഞാലാണ് മത്സ്യങ്ങൾക്ക് വേണ്ടത്ര വില ലഭിക്കുക. വിശേഷദിവസങ്ങളോടനുബന്ധിച്ച് വിളവെടുപ്പും വിപണനവും നടത്തുവാൻ ശ്രമിക്കണം. മാധ്യമങ്ങളിൽ പരസ്യപ്പെടുത്തി വിളവെടുപ്പുത്സവം നടത്തിയാൽ കൃഷിയിടത്തിൽവെച്ചു തന്നെ മത്സ്യം വിറ്റുപോകുന്നതാണ്.

| ക്രമ. നമ്പർ | ഇനം | വളർത്തേണ്ട കാലം (മാസം) | അതിജീവന തോത് (ശതമാനം) | പ്രതീക്ഷിക്കുന്ന വലുപ്പം (ഗ്രാം) |
|---|---|---|---|---|
| 1. | കരിമീൻ | 9 | 80 | 150 |
| 2. | തിലാപ്പിയ | 7 | 85 | 350 |
| 3. | കാളാഞ്ചി | 8 | 80 | 700 |
| 4. | തിരുത | 9 | 70 | 330 |

## 24. കൂടു മത്സ്യകൃഷിയുടെ സാങ്കേതിക വിവരങ്ങൾ അറിയുന്നതിന് ആരെ ബന്ധപ്പെടണം?

സമുദ്രത്തിൽ ഇടുന്ന വലിയ കൂടുകൾ,

ഒഴുകുന്ന ജലാശയങ്ങളിൽ ഇടുന്ന കൂടുകൾ എന്നിവയെക്കുറിച്ചുള്ള സാങ്കേതിക വിവരങ്ങൾ കൊച്ചിയിലെ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിലെ സമുദ്രമത്സ്യ കൃഷി വിഭാഗ വുമായി ബന്ധപ്പെടാവുന്നതാണ്. പാറമടകൾ, കുളങ്ങൾ, പൊക്കാളി പാടങ്ങൾ എന്നിവയിലെ ചെറു കൂടുമത്സ്യകൃഷിയെക്കുറിച്ചുള്ള വിവര ങ്ങൾക്ക് എറണാകുളം ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ബന്ധപ്പെടാവുന്നതാണ്.

### 25. കൂടുമത്സ്യകൃഷിക്ക് സർക്കാർ ധനസഹായം ലഭ്യ മാണോ?

എറണാകുളം ജില്ലാ മത്സ്യ കൃഷി വി കസന ഏജൻസി (എഫ് എഫ് ഡി എ) കൂടു മത്സ്യകൃഷിയ്ക്ക് 2015-16 കാലയളവിൽ ധനസ ഹായം നൽകിയിരുന്നു. വർഷം തോറുമുള്ള സ് കീമുകൾ അതാതു ജില്ലാ ഫിഷറീസ് ഓഫീസുക ളിൽ ലഭ്യമാണ്. പഞ്ചായത്ത് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഫിഷറീസ് കോർഡിനേറ്റർമാർ മുഖാന്തിരവും ഈ വിവരങ്ങൾ അറിയാവുന്ന താണ്.